പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1155 | 05/03/2018 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

ചോദ്യം | ഉത്തരം

ശ്രീ.സി.കൃഷ്ണൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാധനസഹായത്തിനുള്ള അപേക്ഷകൾ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ മുതിർന്ന ഉദ്യോഗസ്ഥർ വരെയുള്ളവരുടെ കയ്യിൽ അനാവശ്യമായി വെച്ച് താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ,

(സി) ഒരു നിശ്ചിത ദിവസത്തിൽ കൂടുതൽ ഫയൽ കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ ആവശ്യമായ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

(എ), (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നുണ്ട്.വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യവകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറിയിലേക്കും ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അപേക്ഷകരുടെ ബാഹുല്യം കൊണ്ട് അപേക്ഷകൾ തീർപ്പാക്കുന്നതിന് കുറച്ച് കാലതാമസം നേരിടുന്നുവെങ്കിലും ധനസഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും

ഓൺലൈനായി നൽകി വരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ